## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

06.06.2018-ലെ മറുപടി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യ നമ്പർ: 1083**

## വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്.**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**ശ്രീ.ഐ.ബി.സതീഷ്** | **മാത്യു ടി തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം പൂർണ്ണതോതിൽ ശുദ്ധീകരിച്ചതാണോ എന്ന് വ്യക്തമാക്കാമോ ; | (എ) കുടിവെള്ളം പൂർണ തോതിൽ ശുദ്ധികരിച്ച് ഗുണനിലവാരം ഉറപ്പാക്കിയതാണ് ശുദ്ധജലവിതരണപദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം ക്ലോറിനേഷൻവഴി അണുവിമുക്തമാക്കിയതിനു ശേഷമാണ് വിതരണം ചെയ്യുന്നത്. |
| (ബി) തലസ്ഥാനനഗരിയിൽ ഉൾപ്പെടെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശരിയായ രീതിയിൽ ശുദ്ധീകരിക്കപ്പെടുന്നില്ലന്ന നിഗമനത്തിൽ സ്വകാര്യ കുടിവെള്ള വിൽപ്പനക്കാർ ജാറുകളിൽ വിതരണം ചെയ്യുന്ന വെള്ളം ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യം വിലയിരുത്തി യിട്ടുണ്ടോ എങ്കിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) നിശ്ചിത നിലവാരത്തിൽ ശുദ്ധികരിച്ച് ഗുണനിലവാരം ഉറപ്പാക്കിയതാണ്. |

| | |
|---|---|
| | (സി) യും (ഡി)യും |
| (സി) വിൽപ്പനക്കാർ കുപ്പിവെള്ളം വളരെ ഉയർന്ന വിലയ്ക്ക് വിറ്റഴിച്ച് സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ വാട്ടർ അതോറിറ്റി ശുദ്ധമായ കുടിവെള്ളം കുപ്പിയിലാക്കി ന്യായ വിലയ്ക്ക് വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;<br><br>(ഡി) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയുണ്ടായോ എങ്കിൽ കാരണം അറിയിക്കാമോ? | തിരുവനന്തപുരത്ത് അരുവിക്കരയിൽ കുപ്പിവെള്ള നിർമ്മാണശാലകളുടെ പ്രവൃത്തി ഏകദേശം 95% ത്തോളം പൂർത്തിയായി കഴിഞ്ഞു. യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തികഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും BIS, FSSAI ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി കിട്ടുന്ന മുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവർത്തികളും പൂർത്തിയാക്കി ഉൽപാദനം ആരംഭിച്ച് ന്യായമായ വിലയ്ക്ക് കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**